## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4412 | 21.03.2018-ൽ മറുപടിക്ക് |
| --- | --- |

**പോലീസുകാരിൽ വർദ്ധിച്ച വരുന്ന ആത്മഹത്യാ പ്രവണത**

| ചോദ്യം<br>ശ്രീ. കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| --- | --- | --- | --- |
| (എ) | പോലീസുകാരിൽ വർദ്ധിച്ച വരുന്ന ആത്മഹത്യാ പ്രവണതയ്ക്ക് കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | പോലീസുകാരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പോലീസുകാരുടെ ജോലി സമയത്തെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അതുവഴി മാനസികാരോഗ്യം നിലനിർത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി "Stress Management Programme" എന്ന വിഷയത്തിൽ സേനാംഗങ്ങൾക്ക് ട്രെയിനിംഗ് നൽകി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജില സൈക്യാട്രി വകുപ്പുമായി സഹകരിച്ചുകൊണ്ട് "Training Programme for Police Officers on Mental Health Problem and its Legal Aspects" എന്ന വിഷയത്തിൽ സി.ഐ, എസ്.ഐ. എന്നീ വിഭാഗങ്ങളിൽ 50 പേർ വീതമുള്ള 19 ബാച്ചിന് പോലീസ് ട്രെയിനിംഗ് കോളേജിൽവെച്ച് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി യോഗാ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. |
| (സി) | പോലീസ് ട്രെയിനിംഗ് സമയത്തുതന്നെ മാനസികാരോഗ്യം വർദ്ധിപ്പിക്കാനുതകുന്ന എന്തെങ്കിലും പരിശീലനം ഇപ്പോൾ നൽകി വരുന്നുണ്ടോ;വ്യക്തമാക്കുമോ? | (സി) | ട്രെയിനിംഗ് സമയത്ത് സേനാംഗങ്ങളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി "Time and stress management" എന്ന വിഷയത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ